**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** **13-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എ.പി. നാലാം ബറ്റാലിയൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്ത് പുതിയ ബാരക്കുകൾ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി കെ.എ.പി നാലാം ബറ്റാലിയനിലെ 120 സേനാംഗങ്ങൾക്ക് താമസിക്കുന്നതിനായി ബാരക്ക് നിർമ്മിക്കുന്നതിനും, കൂടാതെ കെ.എ.പി നാലാം ബറ്റാലിയനിൽ സ്ഥിതി ചെയ്യുന്ന 40 വർഷത്തോളം പഴക്കമുള്ള 3 ബാരക്കുകൾ നവീകരിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എ.ഡി.ജി.പി, ആംഡ് പോലീസ് ബറ്റാലിയൻ സ്വീകരിച്ചു വരുന്നു.** |
| (ബി) | കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്തുള്ള ഹെൽത്ത് സെന്റർ ആധുനികവത്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ബി) | **കെ.എ.പി. നാലാം ബറ്റാലിയനിലെ ഹോസ്പിറ്റൽ സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, ആവശ്യമായ ഉപകരണങ്ങൾക്കും, മതിയായ സ്റ്റാഫിനും വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എ.ഡി.ജി.പി, ആംഡ് പോലീസ് ബറ്റാലിയൻ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ